കേരളസർവകലാശാല

നം.പി.ആർ.209/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദാനന്തരബിരുദം, ബി.എഡ്. – അപേക്ഷാതീയതി നീട്ടി

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഒക്ടോബർ 31 വരെയും ബി.എഡ്. പ്രവേശനത്തിന് നവംബർ 15 വരെയും വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് സർവകലാശാല അറിയിച്ചു.

### പ്രാക്ടിക്കൽ

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2020 നവംബർ 2 മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ് വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

### പരീക്ഷാഫലം

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിങ് കാര്യവട്ടത്തെ 2013 സ്കീമിലെ 2016 അഡ്മിഷൻ വിദ്യാർഥികളുടെ ഏഴാം സെമസ്റ്റർ റെഗുലർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 6 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

2020 ജൂൺ മാസം നടത്തിയ അവസാനവർഷ ( ആന്വൽ സ്കീം) ബി.എ. മലയാളം (ഓഫ്‌ലൈൻ സപ്ലിമെന്ററി) സോഷ്യോളജി (ഓഫ്‌ലൈൻ), പൊളിറ്റിക്കൽ സയൻസ് മെയിൻ (ഗവ.സംസ്കൃത കോളേജ് - ഓൺലൈൻ) സൈക്കോളജിക്കൽ സ്റ്റാറ്റിസ്റ്റിക്സ്,സബ്സിഡിയറി ജേർണലിസം എന്നീ പരീക്ഷകളുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള തീയതി പിന്നീട് അറിയിക്കുന്നതാണ്.

2020 സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സ്പെഷ്യൽ പരീക്ഷകളുടെ (ബി.എ./ബി.എസ്.സി/ബി.കോം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ കരട് മാർക്ക്‌ലിസ്റ്റ് ലഭ്യമാണ്.

# സൂക്ഷ്മപരിശോധന

2019 നവംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ് /ഹാൾടിക്കറ്റുമായി EJ III സെക്ഷനിൽ ഒക്ടോബർ 30 മുതൽ നവംബർ 6 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

2019 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ./ബി.എസ്.സി./ബി.കോം./ബി.ബി.എ./ബി.സി.എ/ബി.വോക്./ബി.എം.എസ്. എന്നീ ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മാത്രമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ് /ഹാൾടിക്കറ്റുമായി EJ III സെക്ഷനിൽ ഒക്ടോബർ 30 മുതൽ നവംബർ 6 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
27.10.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098